ജന്മഭൂമി

13 March 2018

# സിഎംഎഫ്ആർഐയുടെ ദേശീയ അംഗീകാരം

**കൊച്ചി:** പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കഴിഞ്ഞ വർഷം നടത്തിയ 'മത്സ്യശ്മശാനം' കലാവിഷ്കാരത്തിന് ദേശീയ അംഗീകാരം. പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരെയുള്ള കലാസൃഷ്ടിയിലൂടെയുള്ള ബോധവൽക്കരണത്തിനുള്ള അംഗീകാരമായി സിഎംഎഫ്ആർഐക്ക് കേന്ദ്ര സർക്കാരിന്റെ ദേശീയ സ്വച്ഛഭാരത് പുരസ്കാരം ലഭിച്ചു. സ്വച്ഛഭാരത് പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കിയതിനുള്ള കേന്ദ്ര സർക്കാരിന്റെ സ്വച്ഛഭാരത് പുരസ്കാരം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ കേന്ദ്ര കൃഷി മന്ത്രി രാധാമോഹൻ സിംഗിൽ നിന്നും ഏറ്റുവാങ്ങി.

പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ കുമിഞ്ഞുകൂടുന്നതിലൂടെ മത്സ്യസമ്പത്തിനും സമുദ്രപരിസ്ഥിതിക്കും സംഭവിക്കുന്ന പ്രത്യാഘാതങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായൊരുക്കിയ പ്രതീകാത്മക കലാസൃഷ്ടിയായിരുന്നു ഫോർട്ട് കൊച്ചി ബീച്ചിൽ സിഎംഎഫ്ആർഐ ഒരുക്കിയ മത്സ്യശ്മശാനം (ഫിഷ് സിമട്രി). പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്നതും മീനുകളുടെ ഉള്ളിൽ സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ എത്തുന്നതിന്റെ അപകടത്തെ കുറിച്ചുമായിരുന്നു 'മത്സ്യശ്മശാനം'. നോഡൽ ഓഫീസറും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. ശ്യാം എസ് സലീമിന്റെ നേതൃത്വത്തിലായിരുന്നു സ്വച്ഛഭാരത് അഭിയാൻ പ്രവർത്തനങ്ങൾ സിഎംഎഫ്ആർഐ നടപ്പിലാക്കിയത്.